

“എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പാലിക്കും.
അപ്പോൾ എന്റെ പിതാവ് അവനെ സ്നേഹിക്കുകയും ഞങ്ങൾ അവന്റെ
അടുത്തുവന്ന് അവനിൽ വാസമുറപ്പിക്കുകയും ചെയ്യും.” (യോഹ 14:23)

## ഫെബ്രുവരി 2014: വിചിന്തനം: (യോഹ 14:18–23)

അപ്പസ്തോലനായ വി.യൂദാസ്ശ്ലീഹാ വളരെ പ്രായോഗികവും രസകരവുമായ ചോദ്യമാണ് യേശുവിനോട് ചോദിക്കുന്നത്. അവിടുന്ന് എങ്ങനെയാണ് വിശ്വസിക്കുന്നവർക്ക് വെളിപ്പെടുത്തുകയും എന്നാൽ പുറമേയുള്ളവർക്ക് വെളിപ്പെടുത്താതിരിക്കുകയും ചെയ്യുന്നത്? ഇതിനുത്തരമായി അവിടുന്ന് ചൂണ്ടിക്കാണിക്കുന്നത് തന്റെ വചനമാണ്.

യേശു തന്റെ പരസ്യ പ്രഘോഷണം ആരംഭിച്ച നാൾ തൊട്ടേ ദൈവാന്വേഷികളായിരുന്ന കേൾവിക്കാർ അവിടുത്തെ വാക്കുകളിലെ അതുല്യമായ ജ്ഞാനവും അധികാരവും തിരിച്ചറിഞ്ഞിരുന്നു. കാരണം, അവിടുന്ന് ദൈവത്താൽ അയയ്ക്കപ്പെട്ടവനും ദൈവത്തിന്റെ സ്വയം വെളിപ്പെടുത്തൽ തന്നെയുമായിരുന്നു. പന്തകുസ്തായ്ക്കുശേഷം ആദിമസഭ സ്ഥിരമായി ആദ്യം മുതലേ ക്രിസ്തുവിനെ അനുഗമിക്കുകയായിരുന്ന അപ്പസ്തോലന്മാരോടൊപ്പം ഒന്നിച്ചുകൂടിയിരുന്നു. അവരിൽ നിന്നാണ് ഇവർ ക്രിസ്തുവിന്റെ വാക്കുകൾ ശ്രവിച്ചത്. അവിടുത്തെ ജീവിതവും പ്രബോധനവും പരിശുദ്ധാത്മാഭിഷേകവും അങ്ങനെയാണ് അവൾ ഉൾക്കൊണ്ടത്. നാളിതുവരെ സഭ ഒന്നിച്ചു കൂടിക്കൊണ്ടിരിക്കുന്നത് അവിടുത്തെ വചനത്തിന് ചുറ്റുമാണ്. വാഴ്ത്തപ്പെട്ട ജോൺ പോൾ രണ്ടാമൻ മാർപാപ്പാ പറയുന്നു “സഭ ഒരിക്കലും അവിടുത്തെ വചനം ശ്രവിക്കുന്നതിൽ നിന്ന് പിന്തിരിഞ്ഞിട്ടില്ല. തുടർച്ചയായി അവൾ അത് വീണ്ടും വീണ്ടും വായിച്ചുക്കൊണ്ടിരിക്കുന്നു. ആഴമായ ഭക്തിയോടെ അവിടുത്തെ ജീവിതത്തിന്റെ വിശദാംശങ്ങൾ പുനരാവർത്തിച്ചുക്കൊണ്ടിരിക്കുന്നു.”

അനുദിനമുള്ള വചന പാരായണം വഴിയാണ് വചനത്തോടുള്ള തന്റെ ഭക്തി ഒരു ജീസസ് യൂത്ത് പ്രകടമാക്കുന്നത്. പ്രാർത്ഥനാപൂർവ്വം വചനം വായിക്കുന്നത് വഴി നമ്മൾ സഭയോടൊപ്പം ക്രിസ്തുവിന്റെ പാദത്തിങ്കലിരുന്ന് അവിടുത്തെ ശ്രവിക്കുകയാണ്. വചനം വായിക്കുന്നത് മാത്രം പോരാ അത് പാലിക്കുകയും വേണം; അതാണ് അവിടുന്ന് പറഞ്ഞത് തന്നെ സ്നേഹിക്കുന്നവർ തന്റെ വചനം പാലിക്കുമെന്ന്. അവിടുന്ന് വചനത്തിലൂടെ വെളിപ്പെടുത്തുന്നത് മുഴുവനായും നിരുപാധികവുമായും സ്വീകരിക്കുവാനുള്ള ഒരു സമ്മതമാണ് ആവശ്യമായിരിക്കുന്നത്.

അവിടുന്ന് വെളിപ്പെടുത്തുന്നത് കുറെ നിയുക്ത ആദർശങ്ങളോ പഠനങ്ങളോ അല്ല. അവിടുത്തെ സ്വന്തം തനിമ തന്നെയാണ് അവിടുന്ന് നാമുമായി പങ്കുവെയ്ക്കുന്നത്. അതുകൊണ്ട് തന്നെ, ഈ വെളിപ്പെടുത്തലിന് നമ്മുടെ ഭാഗത്തുനിന്നുള്ള യുക്തമായ ഒരു പ്രത്യുത്തരം നമ്മുടെ തന്നെ മുഴുവൻ സത്തയേയും അവിടുത്തേക്ക് വിട്ടുകൊടുക്കുക എന്നതാണ്. അവിടുത്തെ വചനം പാലിക്കുന്നതിലൂടെ ത്രീത്വൈക ദൈവവുമായി നാം ആഴമായി ബന്ധത്തിൽ പ്രവേശിക്കുകയും ദൈവം നമുക്ക് വ്യക്തമായ ബോധ്യവും അനുഭവവും ആവുകയും ചെയ്യുന്നു. വി.യൂദാസിന്റെ ചോദ്യത്തിന് ഉത്തരമായി യേശു നൽകുന്ന ഉറപ്പും ഇതു തന്നെയാണ്. അത് സ്വായത്തമാക്കുന്നതിന് ഒരു പുതിയ പ്രതിബദ്ധതയോടെ ദൈവവചനം വായിക്കാനും അത് പാലിക്കാനും ഹൃദയപൂർവ്വം ഒരു ഉറച്ച തീരുമാനം നമുക്ക് എടുക്കാം.

JESUS YOUTH Households

Prepared by the Jesus Youth International Formation Team. Illustration: Premjith